**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2205 18.12.2012 ൽ മറുപടിയ്ക്ക്**

**<u>കൊച്ചി മെട്രോ റെയിൽ പദ്ധതി-കോഴിക്കോട്-തിരുവനന്തപുരം മോണോ റെയിൽ പദ്ധതികൾ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.തോമസ് ചാണ്ടി: | ശ്രീ.ആര്യാടൻ മുഹമ്മദ് |
| ശ്രീ.എ.കെ.ശശീന്ദ്രൻ: | (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി, കോഴിക്കോട്-തിരുവനന്തപുരം മോണോ റെയിൽ പദ്ധതികൾ- നടപ്പിലാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് 2012 ജൂലായ് 12-ാം തീയതി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. ഇതേതുടർന്ന് സെപ്റ്റംബർ 11-ന് കേന്ദ്ര-കേരള സർക്കാർ പ്രാതിനിധ്യത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചു. പദ്ധതിയ്ക്കാവശ്യമായ സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. തിരുവനന്തപുരത്തും, കോഴിക്കോട്ടും മോണോറെയിൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട്, തിരുവനന്തപുരം മോണോറെയിൽ പദ്ധതിക്കു വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട്(DPR) ഡി.എം.ആർ.സി. തയ്യാറാക്കി സമർപ്പിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.എം.ആർ. സി.-യും കെ.എം.ആർ.എൽ.-ലും തമ്മിൽ എന്തെങ്കിലും കരാറിൽ എത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | സമയബന്ധിതമായി കൊച്ചി റെയിൽ പ്രോജക്ട് ഡി.എം.ആർ.സി.യെ ഏല്പിക്കുന്നതിന് വേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ. സി.യുടെയും ഡോ.ഇ.ശ്രീധരന്റെയും പങ്കാളിത്തത്തോടെ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ഉദ്ദേശത്തോടു കൂടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നവംബർ 23-ന് ഡൽഹിയിൽ വച്ച് കേന്ദ്ര നഗര വികസന വകുപ്പ് മന്ത്രിയുമായി യോഗം ചേർന്നിരുന്നു. ഡൽഹി മെട്രോയുടെ പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ ഡി.എം.ആർ. സി കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുമെന്ന് അന്നത്തെ യോഗത്തിൽ തീരുമാനമായിരുന്നു.<br>അതിന്റെയടിസ്ഥാനത്തിൽ കൊച്ചി മെട്രോ പദ്ധതിയിൽ ഡി.എം.ആർ. സിയുടെ പങ്ക് നിർണ്ണയിക്കുന്നതിനായി ഒരു ടേംസ് ഓഫ് എൻഗേജ്മെന്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ് |
| (ഡി) | മോണോ റെയിൽ പദ്ധതിയ്ക്ക് ആഗോള ടെൻഡർ ക്ഷണിക്കുവാനാണോ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | മോണോ റെയിൽ പദ്ധതിയ്ക്ക് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല |

സെക്ഷൻ ഓഫീസർ